*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

176th Issue - Volume 5, No. 10 | ജാഗ്രത | 18th March 2011

"മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും "

(മത്തായി 10:32,33)



Saint Patrick

## പ്രധാന വാർത്തകൾ

മുതിർന്ന പൗരന്മാർ സാമൂഹ്യ മുഖ്യധാരയിലേക്ക് വരണം: മാർ ജോസഫ് പവ്വത്തിൽ

---

ഭാരതത്തിന്റെ ആത്മീയചൈതന്യം തകർക്കാൻ അനുവദിക്കില്ല: മാർ മാത്യു മൂലക്കാട്ട്

---

വർഗസമരവും വർഗീയവാദവും അപകടകരം: മാർ.ബോസ്കോ പുത്തൂർ

---

ആത്മീയ സാക്ഷരത വിദ്യാഭ്യാസത്തിന് അനിവാര്യം: മാർ ജോസഫ് കല്ലറങ്ങാട്ട്

---

സമൂഹം ഉയരണമെങ്കിൽ വിശ്വാസത്തോടൊപ്പം വിദ്യാഭ്യാസവും നേടണം: ബിഷപ്.ഡോ. ജോസഫ് കാരിക്കശ്ശേരി

---

മദ്യനിരോധനത്തെപിന്തുണയ്ക്കുന്നവർക്ക്വോട്ട്: മാർ.റെമിജിയോസ് ഇഞ്ചാനാനി

---

വർഗസമരവും വർഗീയവാദവും അപകടകരം: മാർ ബോസ്കോ പുത്തൂർ

---

ദൈവത്തിലാണ് ഞങ്ങൾ വിശ്വസിക്കുന്നത് ; ഭരണഘടനാവിരുദ്ധമല്ല.

---

## വാരാന്ത്യവീക്ഷണം

മതവിരുദ്ധരാണോ മതസംരക്ഷകർ ?

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil

## മുതിർന്ന പൗരന്മാർ സാമൂഹ്യ മുഖ്യധാരയിലേക്ക് വരണം: മാർ ജോസഫ് പവ്വത്തിൽ

----------------------------------------------------



മുതിർന്ന പൗരന്മാർ പൊതുസമൂഹത്തിന്റെ ഭാഗമാണെന്നും സാമൂഹ്യപരമായ നന്മകൾ ചെയ്യാൻ തത്പരരായിപ്രവർത്തിക്കണമെന്നും ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. അതിരൂപതയുടെ ആഭിമുഖ്യത്തിൽ പാറേൽ പളളിയങ്കണത്തിൽ നടത്തിയ എൽഡേഴ്സ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്. ദീർഘകാലം സമൂഹത്തിനു നന്മ പകർന്ന അനുഭവ സമ്പത്ത് പുതിയ തലമുറക്ക് നൽകാൻ മുതിർന്ന തലമുറയ്ക്ക് കഴിയണമെന്നും മാർ പവ്വത്തിൽ ഉദ്ബോധിപ്പിച്ചു. മുതിർന്നവരെ ആദരിക്കുന്നതിൽ വിമുഖരാണ് ഇന്നത്തെ തലമുറയെന്നും സഹവർത്തിത്വംകൊണ്ട് അതിന് മാറ്റം വരുത്താമെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു.

## ഭാരതത്തിന്റെ ആത്മീയചൈതന്യം തകർക്കാൻ അനുവദിക്കില്ല: മാർ മാത്യു മൂലക്കാട്ട് -------


------------------------------------------------------------



ആർഷഭാരതത്തിന്റെ ആത്മീയ ചൈതന്യത്തെ വികലമാക്കുന്നതും സാംസ്കാരികപൈതൃകത്തെ മുറിവേൽപ്പിക്കുന്നതുമായ എആർടി ബില്ലിന്റെ നിയമനിർമാണപ്രക്രിയയിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണമെന്ന് കോട്ടയം അതിരൂപത ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്. ഇതു ക്രൈസ്തവരുടെ മാത്രം വികാരമല്ല. ധാർമികതയ്ക്കും വിശ്വാസസത്യങ്ങൾക്കും നേരേ ഉയർത്തുന്ന വെല്ലുവിളിയാണ്. ഇതിനെതിരേ പൊതുസമൂഹം ശക്തമായി പ്രതികരിക്കണം അദ്ദേഹം കൂട്ടിച്ചേർത്തു ക്രൈസ്തവസമൂഹം നേരിടുന്ന സാമൂഹികപ്രശ്നങ്ങളിൽ കോട്ടയം സീരി ഓഡിറ്റോറിയത്തിൽ ചേർന്ന കത്തോലിക്കാ അത്മായ സംസ്ഥാന നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. ജീവൻ ദൈവത്തിന്റെ ദാനമാണെന്നും ജീവൻ തിരിച്ചെടുക്കാൻ മറ്റാർക്കും അവകാശമില്ലെന്നും ന്യൂനപക്ഷ വിദ്യാഭ്യാസധ്വംസനം വച്ചുപൊറുപ്പിക്കില്ലെന്നും മനുഷ്യവംശത്തെ നരകതുല്യമാക്കുന്ന മദ്യത്തിന്റെ ഉദാരവത്കരണം ശക്തിമായി എതിർക്കുമെന്നും സമ്മേളനം മുന്നറിയിപ്പു നൽകി.

## വർഗസമരവും വർഗീയവാദവും അപകടകരം: മാർ ബോസ്കോ പുത്തൂർ

------------------------------------------------------------



വർഗസമരവും വർഗീയവാദവും ഒരുപോലെ അപകടകരമാണെന്നും ഇവയ്ക്കെതിരേ സ്നേഹത്തിന്റെയും സമന്വയത്തിന്റെയും വഴികൾ തുറക്കണമെന്നും ബിഷപ് മാർ ബോസ്കോ പുത്തൂർ. അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ, സഭയിലെ യുവജന സംഘടനകളുടെ ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും ദേശീയ സമ്മേളനത്തിന്റെ സമാപനച്ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നുഅദ്ദേഹം. സഭ ശബ്ദമില്ലാത്തവരുടെ ശബ്ദവും ശക്തിയില്ലാത്തവരുടെ ശക്തിയും പാർശ്വവത്കരിക്കപ്പെട്ടവരുടെ ആശ്രയവുമാണെന്നു മാർ പുൂർ പറഞ്ഞു. സമാപന സമ്മേളനത്തിൽ ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് അധ്യക്ഷത വഹിച്ചു. രാജ്യത്തിന്റെ വളർച്ചയ്ക്കും സമൂഹത്തിന്റെ സുസ്ഥിരതയ്ക്കുമായി വ്യക്തമായ ദർശനങ്ങളോ കാഴ്ചപ്പാടുകളോ ഇല്ലാത്ത ഭരണനേതൃത്വത്തിന്റെ അഭാവം വരും നാളുകളിൽ നാടിനു വലിയ വെല്ലുവിളികളുയർത്തും. അഴിമതിയും കെടുകാര്യസ്ഥതയും ജീർണതയും നേരിടുന്ന രാഷ്ട്രീയരംഗത്തു ശുദ്ധീകരണം ആവശ്യമാണ്. ഇതിനായി ആദർശധീരരായ യുവജനങ്ങൾ മുന്നോട്ടുവരണമെന്നു സമ്മേളനം ആഹ്വാനം ചെയ്തു. സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ സഭയിലെ യുവജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള വേദിക്കു സമ്മേളനം രൂപം നല്കി.

## ആത്മീയ സാക്ഷരത വിദ്യാഭ്യാസത്തിന് അനിവാര്യം: മാർ ജോസഫ് കല്ലറങ്ങാട്ട്

------------------------------------------------------------



ഇന്നത്തെ വിദ്യാഭ്യാസത്തിന് ആത്മാവ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും സമൂഹനന്മയ്ക്ക് ആത്മീയ സാക്ഷരതയുള്ള വിദ്യാഭ്യാസം ആവശ്യമാണെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽനിന്നും ഈ വർഷം വിരമിക്കുന്ന അധ്യാപക-അനധ്യാപകർക്കു നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ സന്ദേശം നൽകുകയായിരുന്നു ബിഷപ്. സ്ഥാപനങ്ങൾ വളരുകയും ദർശനങ്ങൾ തളരുകയും ചെയ്യുന്ന സാഹചര്യമാണ് വിദ്യാഭ്യാസം ഇന്നു നേരിടുന്നത്.

ഇത് സാമൂഹിക വിപത്താണ്. ക്രിസ്തുവും ശ്രീബുദ്ധനും നബിയും ശ്രീനാരായണ ഗുരുവുമൊക്കെ പകരുന്ന ദർശനങ്ങൾ പാഠപുസ്ത കങ്ങളിൽനിന്നു നീക്കുകയാണു പരിഷ്കർത്താക്കൾ. ഈ നിലപാട് വിദ്യാഭ്യാസ ലക്ഷ്യങ്ങളെ വികലമാക്കുന്നു. പരിസ്ഥിതി പഠനങ്ങൾക്കു പ്രാധാന്യം നൽകുകയും ശാസ്ത്ര-സാങ്കേതിക നേട്ടങ്ങൾ മനുഷ്യരാശിക്ക് പ്രയോജനം ചെയ്യുന്നതുമായ വിദ്യാഭ്യാസം പകർന്നു നൽകാൻ ശ്രദ്ധിക്കണം - മാർ കല്ലറങ്ങാട്ട് പറഞ്ഞു.

## സമൂഹം ഉയരണമെങ്കിൽ വിശ്വാസത്തോടൊപ്പം വിദ്യാഭ്യാസവും നേടണം: ബിഷപ്. ഡോ. ജോസഫ് കാരിക്കശ്ശേരി



സമൂഹത്തിന്റെ അവഗണനയും അവശതയും മാറണമെങ്കിൽ ഈശ്വരദാനമായ വിശ്വാസത്തോടൊപ്പം വിദ്യാഭ്യാസത്തിലൂടെ മുന്നേറണമെന്ന് കോട്ടപ്പുറം രൂപത മെത്രാൻ ഡോ. ജോസഫ് കാരിക്കശ്ശേരി പറഞ്ഞു. കെഎൽസിഎ കോട്ടപ്പുറം രൂപത സമിതി എല്ലാ വർഷവും നൽകുന്ന എൻഡോവ്മെന്റ് മെറിറ്റ് സ്കോളർഷിപ്പ് വിതരണം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു.

## മദ്യനിരോധനത്തെപിന്തുണയ്ക്കുന്നവർക്ക്വോട്ട്: മാർറെമിജിയോസ് ഇഞ്ചാനാനി—



തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മദ്യം നിരോധിക്കാൻ അധികാരം നല്കുന്ന പഞ്ചായത്ത് രാജ് ആക്ടിലെ 232, 447 വകുപ്പുകൾ പുനഃസ്ഥാപിക്കുമെന്ന് ഉറപ്പ് നല്കുന്ന മുന്നണികൾക്ക് മാത്രമെ വോട്ട് നല്കാവൂ എന്ന് താമരശേരി ബിഷപ് മാർ റെമിജിയോസ് ഇഞ്ചാനാനിയിൽ. ഏതാനും പേരുടെ തൊഴിലിനുവേ ലക്ഷക്കണക്കിന് കുടുംബങ്ങളെ വഴിയാധാരമാക്കുകയാ ണിവിടെ. മദ്യമെന്ന സാമൂഹിക തിന്മയ്ക്കെതിരെ രാഷ്ട്രീയ പാർട്ടികൾ രംഗത്ത് വരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. കെസിബിസി മദ്യ വിരുദ്ധ കമ്മീഷൻ വൈസ് ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട മാർ റെമിജിയോസ് ഇഞ്ചാനാനിയലിനും സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട റോയി മുരിക്കോലിനും താമരശേരി രൂപത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നല്കിയ സ്വീകരണ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

## വർഗസമരവും വർഗീയവാദവും അപകടകരം: മാർ ബോസ്കോ പുത്തൂർ



വർഗസമരവും വർഗീയവാദവും ഒരുപോലെ അപകടകരമാണെന്നും ഇവയ്ക്കെതിരേ സ്നേഹത്തിന്റെയും സമന്വയത്തിന്റെയും വഴികൾ തുറക്കണമെന്നും ബിഷപ് മാർ ബോസ്കോ പുത്തൂർ. അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ, സഭയിലെ യുവജന സംഘടനകളുടെ ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും ദേശീയസമ്മേളനത്തിന്റെ സമാപനച്ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭ ശബ്ദമില്ലാത്തവരുടെ ശബ്ദവും ശക്തിയില്ലാത്തവരുടെ ശക്തിയും പാർശ്വവത്കരിക്കപ്പെട്ടവരുടെ ആശ്രയവുമാണെന്നു മാർ പുത്തൂർ പറഞ്ഞു. സമാപന സമ്മേളനത്തിൽ ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് അധ്യക്ഷത വഹിച്ചു. രാജ്യത്തിന്റെ വളർച്ചയ്ക്കും സമൂഹത്തിന്റെ സുസ്ഥിരതയ്ക്കുമായി വ്യക്തമായ ദർശനങ്ങളോ കാഴ്ചപ്പാടുകളോ ഇല്ലാത്ത ഭരണനേതൃത്വത്തിന്റെ അഭാവം വരും നാളുകളിൽ നാടിനു വലിയ വെല്ലുവിളികളുയർത്തും. അഴിമതിയും കെടുകാര്യസ്ഥതയും ജീർണതയും നേരിടുന്ന രാഷ്ട്രീയരംഗത്തു ശുദ്ധീകരണം ആവശ്യമാണ്. ഇതിനായി ആദർശധീരരായ യുവജനങ്ങൾ മുന്നോട്ടുവരണമെന്നു സമ്മേളനം ആഹ്വാനം ചെയ്തു. സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ സഭയിലെ യുവജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള വേദിക്കു സമ്മേളനം രൂപം നല്കി.

## “ദൈവത്തിലാണ് ഞങ്ങൾ വിശ്വസിക്കുന്നത്”; ഭരണ ഘടനാവിരുദ്ധമല്ല.

അമേരിക്കൻ സുപ്രീം കോടതി യു.എ സ്.എ ദേശീയതയുടെ ആപ്തവാക്യമായി സ്വീകരിക്കുന്ന “ദൈവത്തിലാണ് ഞങ്ങൾ വിശ്വസിക്കുന്നത്”(**In God we trust**) എന്ന ആപ്തവാക്യം ഭരണഘടനാനുസൃത മാണെന്ന് അമേരിക്കൻ സുപ്രീം കോടതി വിധി തീർപ്പു കല്പിച്ചു. 1860 മുതൽ അമേരിക്കൻ നാണയങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്ന ഈ വാക്യം 1956 മുതൽ ദേശീയ ആപ്തവാക്യമായി സ്വീകരിക്കുകയായിരുന്നു. അത് രാഷ്ട്രത്തെ മതവൽക്കരിക്കുന്നതിന്റെ ഭാഗമാണെന്നാണ് നിരീശ്വര പ്രസ്ഥാനക്കാരനായ മൈക്കേൽ നെഡോവ് വാദിച്ചത്. ഈ വാദം തള്ളിക്കൊണ്ട് സുപ്രീം കോടതിയുടെ വിധി തീർപ്പുായത്.

## വാരാന്ത്യവീക്ഷണം

### മതവിരുദ്ധരാണോ മതസംരക്ഷകർ ?

"മാർക്സിസം ഭൗതികവാദത്തെ ആസ്പദമാക്കിയുള്ള ഒരു ലോകവീക്ഷണമാണ്. ആ നിലയ്ക്ക് മാർക്സിസ്റ്റിന് ദൈവവിശ്വാസിയാകാൻ വയ്യ." എന്നു തെളിച്ചെഴുതിയത് കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയുടെ താത്വികാചാര്യൻ ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്. (മതവിശ്വാസവും കമ്മ്യൂണിസ്റ്റ്കാരും, പേജ് 74). അദ്ദേഹം തന്നെ അത് വ്യക്തമാക്കുന്നു "തുടക്കത്തിൽ മതവിശ്വാസിയാണെങ്കിലും വൈരുദ്ധ്യാത്മക ഭൗതികവാദത്തിൽ ഉറച്ചുനിൽക്കുന്ന പാർട്ടിയിൽ അംഗത്വംകിട്ടുന്നതോടെ ഭൗതികവാദത്തിന്റെ ദാർശിനികസമീപനം ഉൾക്കൊള്ളാൻ പാർട്ടി മെമ്പറായ ഓരോ ആളും പരിശ്രമിക്കണം. അതിന്റെ ഫലം പാർട്ടി സദാ അവലോകനം ചെയ്തുകൊണ്ടിരിക്കും എന്നുവച്ചാൽ മതവിശ്വാസത്തിൽനിന്ന് മാർക്സിസത്തിലേക്കുള്ള പുരോഗതി എന്ന പ്രക്രിയ പൂർത്തിയാക്കുന്നതിൽ പാർട്ടി അംഗത്വം നേടുന്ന വ്യക്തിയും അദ്ദേഹത്തെ നയിക്കുന്ന പാർട്ടിയും സഹകരിച്ചു പ്രവർത്തിക്കുന്നു." (മതവിശ്വാസവും കമ്മ്യൂണിസ്റ്റുകാരും, പേജ് 72) ഇങ്ങനെ ഒരുവൻ ദൈവവിശ്വാസിയാകാൻ കഴിയാത്ത, അവൻ മതവിശ്വാസത്തിൽ നിന്നും മാറേണ്ട പ്രസ്ഥാനത്തെ മതവിരുദ്ധ പ്രസ്ഥാനമെന്നല്ലാതെ മറ്റെന്താണു വിളിക്കേണ്ടത് ?.

തങ്ങളുടെ വിപ്ലവകാഴ്ചപാടു ഫലപ്രാപ്തിയിലെത്തിക്കാൻ മതവിശ്വാസികളെ ഉപയോഗിക്കുന്ന രീതിയാണ് പാർട്ടി അവലംബിക്കുന്നതെന്ന് ശ്രീ. ഇ.എം.എസ് വ്യക്തമാക്കുന്നു. അവരെ വിപ്ലവത്തിനായി ഉപയോഗിക്കുമ്പോൾത്തന്നെ അവരുടെ മതവിശ്വാസത്തെ ഉന്മൂലനം ചെയ്യാനും അവർ ശ്രമിക്കുന്നു. എന്നാൽ അവരുടെ മതവിശ്വാസത്തെ വൃണപ്പെടുത്തിയാൽ വിപ്ലവത്തിൽ അവരുടെ പങ്കാളിത്തം കിട്ടിയില്ലെന്നുവരാം. അതുകൊണ്ടുതന്നെ ഗൂഢമായും ആസൂത്രിതമായും മതവിശ്വാസത്തെ ഉന്മൂലനം ചെയ്യാനാണ് പാർട്ടി ശ്രമിക്കുന്നത്. ' 'ചൂഷണ പ്രധാനമായ സാമൂഹ്യ വ്യവസ്ഥയോടൊപ്പം മതത്തിന്റെ സ്വാധീനംകൂടി ഇല്ലാതാക്കണമെന്ന വ്യക്തമായ കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്നവരാണ് മാർക്സിസ്റ്റുകാർ. ഭൗതികവാദത്തിനുവേണ്ടി ആത്മീയ വാദത്തിനെതിരായി നിരന്തരം ആശയസമരം നടത്തുന്നവരാണവർ." (ഇ.എം.എസ,. മതവിശ്വാസവും കമ്മ്യൂണിസ്റ്റ് കാരും, പേജ് 17) ' 'മതനിഷേധത്തിന്റേതായ ആശയപ്രചരണത്തിൽ സ്വയം മുഴുകുന്ന മാർക്സിസ്റ്റ് -ലെനിനിസ്റ്റുകാർ ബഹു ജനങ്ങളുടെ മതവികാരങ്ങളെ ഒരിക്കലും വൃണപ്പെടുത്തരുതെന്നു മാർക്സിസ്റ്റ് ആചാര്യന്മാർ നിർദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുന്നു നമ്പൂതിരിപ്പാട്. ഇതിനർത്ഥം വൈരുദ്ധ്യാത്മക ഭൗതികവാതങ്ങളിൽ അടിയുറച്ചു നില്കുന്ന മാർക്സിസ്റ്റു-ലെനിനിസ്റ്റുകാർ മതത്തിന്റേതായ മൗലിക സമീപനത്തോടെ വിട്ടുവീഴ്ച ചെയ്യുമെന്നല്ല. അതിനെതിരായ ആശയ സമരം തുടർച്ചയായി നടത്തുകതന്നെവേണം." എന്നു കൂടി വ്യക്തമാക്കുന്നു.(മതവിശ്വാസവും കമ്മ്യൂണിസ്റ്റുകാരും പേജ് 87-88)

യഥാർത്ഥത്തിൽ മനുഷ്യരെ ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന മതവിശ്വാസത്തിൽനിന്നും അവനെ അടർത്തിയെടുത്ത് ദുർബ്ബലനാക്കി അവരെ സർവ്വാധിപത്യത്തിനടിമയാക്കിയെടുക്കുന്ന സമ്പ്രദായമാണ് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ കാണാൻ കഴിയുന്നത്. തങ്ങളുടെ വർഗ്ഗസംഘടനയ്ക്കല്ലാതെ മറ്റൊരുസംഘടനയ്ക്കും കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ പ്രവർത്തിക്കാനാവില്ല. അതാണ് കമ്മ്യൂണിസ്റ്റുകാർ ജനാധിപത്യത്തെ ബൂർഷ്വാ ജനാധിപത്യമെന്നുപറഞ്ഞ് എതിർക്കുന്നത്. ജനാധിപത്യത്തെയും തങ്ങളുടെ സർവ്വാധിപത്യം സ്ഥാപിക്കാനുള്ള മാർഗ്ഗമായിട്ടാണ് പാർട്ടികാണുന്നത് ജനാധിപത്യപരമായി അധികാരത്തിൽ വന്നാലും അതുപാർട്ടി ആധിപത്യമായി മാറ്റാനുള്ള ശ്രമം എപ്പോഴും അവർ ഭരണത്തിൽ വരുമ്പോഴുണ്ടാകുന്നു. 1957 ലെ ഭരണവും അതിനെതിരായ ജനമുന്നേറ്റവും അതിനുദാഹരണമാണ്. ശ്രീ. ഇ.എം.എസ്.നമ്പൂതിരിപ്പാടിന്റെ വിശകലനത്തിൽ ' 'സാമ്പത്തികവും രാഷ്ട്രീയവുമായ നയസമീപനങ്ങളുടെ മേഖലയിൽ എന്തെന്തു മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും ആഗോള കമ്മ്യൂണിസ്റ്റു പ്രസ്ഥാനം മതവിശ്വാസത്തിലേക്കു മടങ്ങിപ്പോയതായി ഒരാളും ചൂണ്ടിക്കാണിച്ചിട്ടില്ല." .. (മതവിശ്വാസവും കമ്മ്യൂണിസ്റ്റുകാരും പേജ് പേജ് 103) മാറ്റങ്ങൾക്കു വിധേയമായ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ മതവിരുദ്ധനിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല എന്ന യാഥാർത്ഥ്യം ഏറ്റു പറയുകയാണ് മാർക്സിസ്റ്റു പാർട്ടിയുടെ താത്വികാചാര്യൻ.

മതേതരത്വം പ്രസംഗിക്കുന്നവർ യഥാർത്ഥത്തിൽ മതവിരുദ്ധരാണെന്ന തിരിച്ചറിവ് പൊതുസമൂഹത്തിനുണ്ടാകേണ്ടതാണ്. അതോടൊപ്പം മതേതരനിലപാടെന്നു പ്രചരിപ്പിച്ച് അവർ നടത്തുന്ന നീക്കങ്ങളിൽ മതവിരുദ്ധതയാണു നിറഞ്ഞു നില്ക്കുന്നതെന്നും നമ്മുക്കു കാണാം. ഇതിനെതിരെ ആശയപരമായും ജനാധിപത്യപരമായും നിലപാടെടുക്കാൻ നമ്മുക്കു കഴിയണം.

JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA